പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

# പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *295. 20/06/2018-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>,, ജോർജ് എം. തോമസ്<br>,, ഐ.ബി. സതീഷ്<br>,, എൻ. വിജയൻ പിള്ള | പിണറായി വിജയൻ<br>(മുഖ്യമന്ത്രി ) |

| | | | |
|---|---|---|---|
| (എ) | ക്രമസമാധാനപാലനവും കുറ്റാന്വേഷണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എസ്.എച്ച്.ഒ.മാരായി ഇൻസ്പെക്ടർമാരെ നിയമിക്കുന്നത് എല്ലാ സ്റ്റേഷനുകളിലും പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ; | (എ) | സംസ്ഥാനത്തെ പോലീസ് സേനയെ കാര്യക്ഷമമാക്കി ക്രമസമാധാനം നിലനിർത്തുന്നതിനും, കുറ്റാന്വേഷണം കുറ്റമറ്റതാക്കുന്നതിനും വേണ്ടി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 21/10/2017-ലെ സ.ഉ. (എം.എസ്) നം. 211/2017 /ആഭ്യന്തരം ഉത്തരവ് പ്രകാരം 196 പോലീസ് സ്റ്റേഷനുകളിൽ ഈ സംവിധാനം നിലവിൽ വന്നു. ആദ്യഘട്ടം നടപ്പിലാക്കിയ 7 സ്റ്റേഷനുകൾ ഉൾപ്പെടെ സംസ്ഥാനത്ത് നിലവിൽ 203 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ആണ്. ബാക്കിയുള്ള 268 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ കൂടി പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | പോലീസ് പ്രവർത്തനത്തിന്റെ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാനായി ഗുരുതര | (ബി) | സ്വീകരിച്ചിട്ടുണ്ട്. പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയും വേഗതയും ഉള്ളതാക്കാൻ സബ് ഡിവിഷണൽ |

| | | | |
|---|---|---|---|
| | കുറ്റകൃത്യങ്ങളുടെ അന്വേഷണച്ചുമതല ഡി.വൈ. എസ്.പി.മാർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | | ഡി.വൈ.എസ്.പി.മാർ അവരുടെ അധികാരപരിധിയിലെ സ്റ്റേഷനുകളിലെ കേസ്സുകളുടെ സ്വഭാവമനുസരിച്ച് ഗുരുതര സ്വാഭാവമുള്ളവയാണെങ്കിൽ അവയുടെ അന്വേഷണം നേരിട്ട് നടത്തുകയും മറ്റുള്ളവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്യണമെന്ന് സംസ്ഥാന പോലീസ് മേധാവി യുടെ ഓഫീസിൽ നിന്നും സർക്കുലർ നമ്പർ 6/2017 പ്രകാരവും ഉത്തരവ് നമ്പർ എസ്1/122785/16 പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഓൺലൈനായി പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും പരാതിക്കാരന് അതിന്റെ സ്ഥിതി അറിയുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയും പോലീസ് സ്റ്റേഷനുകളിൽ ക്യാമറ സ്ഥാപിക്കുന്ന നടപടികളും പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (സി) | ഓൺലൈനായി പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും അതിന്റെ സ്ഥിതി അറിയുന്നതിനുമായി iAPS Petition Status, Thuna, Raksha തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 110 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 274 പോലീസ് സ്റ്റേഷനുകളിൽ കൂടി സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ സൂചിപ്പിച്ചതിനു പുറമെ എല്ലാ എസ്.എച്ച്.ഒ.മാർക്കും സി.സി.ടി.വി. നിലവിൽ ഇല്ലാത്ത പോലീസ് സ്റ്റേഷനുകളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ദുരന്ത സമയങ്ങളിൽ ചടുലമായി ഇടപെടുന്നതിന് പ്രത്യേക സേനയെ രൂപീകരിക്കാനുള്ള | (ഡി) | ദുരന്ത സമയങ്ങളിൽ ചടുലമായി ഇടപെടുന്നതിന് പ്രത്യേക സേനയെ രൂപീകരിക്കുന്നത് സംബന്ധിച്ച ശുപാർശ |

| | | | |
|---|---|---|---|
| | നടപടി പൂർത്തിയായോയെന്ന് വെളിപ്പെടുത്തുമോ? | | സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇതിന്റെ നാനാവശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ